**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4050** **15-07-2022 - ൽ മറുപടിയ്ക്ക്**

**പ്ലാൻ ഫണ്ട് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നടപ്പുവർഷത്തെ ബജറ്റ് മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ജനറൽ പ്ലാൻ ഫണ്ട് ലഭിക്കാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്ക് വിഘാതം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പ് വർഷത്തെ പൊതു വിഭാഗം സാധാരണ വിഹിതത്തിന്റെ മൂന്നിലൊന്ന് മാത്രമേ നിലവിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിയിട്ടുള്ളൂ. ടി തുക 08.04.2022 ലെ സ.ഉ(സാധാ)നം. 2839/2022/ ധന. പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡുവായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | നടപ്പുവർഷത്തെ ജനറൽ പ്ലാൻ ഫണ്ട് തുകയിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2021-22 വർഷം വികസന ഫണ്ടിനത്തിൽ 7280 കോടി രൂപ വകകൊള്ളിച്ചിരുന്നു. ഇതിൽ പൊതു വിഭാഗം ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) 3421.75 കോടി രൂപയായിരുന്നു. എന്നാൽ നടപ്പ സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ മൊത്തം വകയിരുത്തിയിരിക്കുന്ന തുക 8048 കോടി രൂപയാണ്. ഇതിൽ പൊതു വിഭാഗം ഇനത്തിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) 4087.17 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. അതായത്<br><br>നടപ്പ് സാമ്പത്തിക വർഷം പൊതു വിഭാഗം ഫണ്ടിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റൊഴികെ) മുൻവർഷത്തെ അപേക്ഷിച്ച് 665.42 കോടി രൂപയുടെ വർദ്ധനവ് ഉണ്ട്. |

സെക്ഷൻ ഓഫീസർ